ഉത്തരം

(എ)	തൊഴിലില്ലാ വേതനം	27	മാസത്തെ കുടിശ്ശികയുണ്ട്
	കയർ	30	,,
	കൈത്തറി	9	,,
	കശുവണ്ടി	16	,,
	കർഷകത്തൊഴിലാളി	23	,,
	വിധവ	4	,,
	വികലാംഗർ	2	,,
	മത്സ്യത്തൊഴിലാളി	8	,,
(ബി)	തൊഴിലില്ലാ വേതനം	12550.78	ലക്ഷം രൂപ
	കയർ തൊഴിലാളി പെൻഷൻ	1650	,,
	കൈത്തറി	74.32	,,
	കശുവണ്ടി	236.74	,,
	കർഷകത്തൊഴിലാളി	16462	,,
	വിധവ	867.95	,,
	വികലാംഗർ	296.37	,,
	മത്സ്യത്തൊഴിലാളി	269	,,

(സി) ഘട്ടം ഘട്ടമായി ഈ പെൻഷൻ കുടിശ്ശികകൾ കൊടുത്തു തീർക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

പദ്ധതി-പദ്ധതിയേതര ചെലവുകൾ

10 [185] ഡോ: തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2004-2005 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകൾ വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ബി) ഓരോ വകുപ്പിലും മേൽപ്പറഞ്ഞ കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്ര; പ്രസ്തുത തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക പാഴാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-02, 2002-03, 2003-04, 2004-05 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ ലക്ഷ്യമിട്ട മൊത്തം തുകയും യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുകയും താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുക	ചെലവഴിക്കപ്പെട്ട തുക
2001-02	13944.73	12381.51
2002-03	14741.57	15704.73
2003-04	16081.58	17427.32
2004-05	19682.41	. .

ചെലവിനങ്ങളുടെ വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ഇപ്പോൾ സൂക്ഷിക്കുന്നില്ല.

(ബി) കേന്ദ്രവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ആകെ തുക:

(തുക കോടിയിൽ)

വർഷം	ലഭിച്ച തുക	ചെലവഴിച്ച തുക
2001-02	443.88	321.73
2002-03	265.40	466.21
2003-04	331.97	407.78

വർഷാന്ത്യത്തിൽ ലഭിക്കുന്ന കേന്ദ്രസഹായം അതതുവർഷം പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കുകയാണ് പതിവ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക അതത് വർഷം വിനിയോഗിക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി ചെലവഴിക്കാവുന്നതാണ്. അതിനാൽ പ്രസ്തുത തുക പാഴായി പോകുന്ന സാഹചര്യം അപൂർവ്വമായി മാത്രമേ ഉണ്ടാകാറുള്ളൂ.